**കേരള സർക്കാർ**

**സംഗ്രഹം**

**ധനകാര്യ വകുപ്പ് - നിയമസഭാമണ്ഡല ആസ്തി വികസന പദ്ധതി - സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്കായി ആസ്തി വികസന ഫണ്ട് വിനിയോഗിക്കുന്നതിന് അനുമതി നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്**

---

**ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്**

**സ.ഉ.(പി)നം. 174/2016/ധന.** **തിരുവനന്തപുരം, തീയതി: 25.11.2016**

---

**പരാമർശം : 1) സ.ഉ.(പി) നം. 332/2012/ധന. തീയതി 11.06.2012**
**2) സ.ഉ.(എം.എസ്) നം. 18/2016/ഊർജ്ജവകുപ്പ് തീയതി: 26.08.2016**
**3) സർക്കുലർ നം. 56/2009/ധന. തീയതി 20.06.2009**
**4) 03.08.2016-ൽ ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗത്തിന്റെ മിനിട്സ്**

## ഉത്തരവ്

2017-ൽ കേരളത്തെ രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനമായി പ്രഖ്യാപിക്കുന്നതിനായി സർക്കാർ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ ലക്ഷ്യം കൈവരിക്കുന്നതിന്റെ പ്രാഥമിക നടപടിയായി പരാമർശം 2-ലെ ഉത്തരവ് പ്രകാരം വിവിധ കമ്മിറ്റികൾ രൂപവത്കരിക്കുകയും ചെയ്തിട്ടുണ്ട്.

സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയുടെ ചർച്ചകൾക്കായി ബഹു. ധനകാര്യ മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന 03.08.2016-ലെ യോഗത്തിൽ എം.എൽ.എ മാരുടെ പ്രത്യേക വികസന നിധിയും ആസ്തി വികസന ഫണ്ടും ഉപഭോക്താക്കളുടെ വീടുകളിൽ വയറിംഗ് നടത്തുന്നതിനുൾപ്പെടെയുള്ള സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്കായി വിനിയോഗിക്കുവാൻ തീരുമാനിക്കുകയുണ്ടായി. പരാമർശം 3-ലെ സർക്കുലർ നിർദ്ദേശങ്ങൾ പ്രകാരം എം.എൽ.എ മാരുടെ പ്രത്യേക വികസന നിധി സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് അനുമതിയുണ്ട്.

ഈ സാഹചര്യത്തിൽ എം.എൽ.എ മാരുടെ നിയമസഭാമണ്ഡല ആസ്തി വികസന ഫണ്ടും സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി നടപ്പിലാക്കുന്നതിനായി വിനിയോഗിക്കുവാൻ തത്വത്തിൽ അനുമതി നൽകി ഉത്തരവാകുന്നു. എം.എൽ.എ മാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ഓരോ അപേക്ഷയും പരിശോധിച്ചതിനു ശേഷം ആസ്തി വികസന പദ്ധതിയുടെ മാനദണ്ഡങ്ങൾക്ക് അനുസൃതമായി അനുമതി ലഭിക്കുന്ന പ്രവൃത്തികൾക്ക് ആസ്തി വികസന ഫണ്ടിൽ നിന്നും തുക അനുവദിക്കുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**മിൻഹാജ് ആലം**
**സെക്രട്ടറി (ധനകാര്യ റിസോഴ്സസ്)**

പകർപ്പ് :

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം,
2. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ( ജി&എസ്.എസ്.എ) കേരള, തിരുവനന്തപുരം,
3. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം.
4. ഊർജ്ജ വകുപ്പ് [അനൗദ്യോഗിക ഫയൽ നം. 88/സി1/16/ഊർജ്ജ വകുപ്പ്]
5. എല്ലാ നിയമസഭാ സാമാജികർക്കും
6. എല്ലാ സെക്രട്ടറിമാർക്കും പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും
7. എല്ലാ വകുപ്പ് തലവൻമാർക്കും.
8. എല്ലാ ജില്ലാ കളക്ടർമാർക്കും
9. ട്രഷറി ഡയറക്ടർ
10. പബ്ലിക് റിലേഷൻസ് ഡയറക്ടർ
11. എല്ലാ ജില്ലാ ട്രഷറി ഓഫീസർമാർക്കും
12. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
13. സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
14. ഡെപ്യൂട്ടി സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി
15. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
16. മന്ത്രിമാരുടെ പ്രൈവറ്റ് സെക്രട്ടറി
17. നോഡൽ ഓഫീസർ, www.finance.kerala.gov.in
18. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**